നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 275 05-12-2022 - ൽ മറുപടിയ്ക്ക്

## ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളാ നഴ്സിംഗ് കൗൺസിൽ അനുവദിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് (രജിസ്ട്രേഷൻ) നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ; | (എ) | ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വിധം/ നടപടിക്രമങ്ങൾ താഴെ ചേർക്കുന്നു.<br><br>1. കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടാത്തവിധം നഷ്ടപ്പെട്ടുപോയെന്നു കാണിച്ചു കൊണ്ടുള്ള അപേക്ഷ (ടെലിഫോൺ നമ്പർ, ഇ -മെയിൽ വിലാസം സഹിതം).<br><br>2.സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതു സംബന്ധിച്ച് നൽകിയ പത്രപരസ്യം (പത്രത്തിന്റെ ഒറിജിനൽ)<br><br>3.പോലീസ് റിപ്പോർട്ടിന്റെ ഒറിജിനൽ<br><br>4. 200/-രൂപയുടെ മുദ്ര പത്രത്തിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിൽ നിന്നോ, നോട്ടറിയിൽ നിന്നോ വാങ്ങിയ സത്യവാങ്മൂലം (ഒറിജിനൽ).<br><br>5.നഷ്ടപ്പെട്ട കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br><br>6.സർട്ടിഫിക്കറ്റിന് 5000/- രൂപ ഫീസ് ഒടുക്കേണ്ടതാണ്.<br><br>7.ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്<br><br>കൗൺസിൽ ആവശ്യപ്പെടുമ്പോൾ അപേക്ഷകൻ ഒറിജിനൽ തിരിച്ചറിയൽ കാർഡ്, കൈവശമുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ (ഡിപ്ലോമ / ഡിഗ്രി / മാർക്ക് ലിസ്റ്റുകൾ / കോഴ്സ് സർട്ടിഫിക്കറ്റ്) സഹിതം കൂടിക്കാഴ്ചയ്ക്ക് ഹാജരാകേണ്ടതാണ്. കൂടിക്കാഴ്ചയ്ക്കു ശേഷം മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | 8. പാസ്സ്പോർട്ട് സൈസ് ഫോട്ടോ സിഡിയിൽ ആക്കി സമർപ്പിക്കേണ്ടതാണ്. |
| (ബി) | അപേക്ഷ സമർപ്പിച്ചാൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം ഉണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | ലഭിച്ച അപേക്ഷകൾ കൗൺസിൽ മുൻപാകെ സമർപ്പിക്കുന്നു. അപേക്ഷകരെ കൗൺസിൽ നേരിൽ കേട്ട ശേഷം അപേക്ഷയുടെ നിജസ്ഥിതി ബോധ്യപ്പെടുന്ന പക്ഷം കൗൺസിൽ തീരുമാനത്തിന് വിധേയമായി ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ